**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 385** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഉത്സവസീസണുകളിൽ കുടുംബശ്രീ വിപണന മേളകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇത്തവണത്തെ ഓണാഘോഷങ്ങളുടെ ഭാഗമായി കുടുംബശ്രീ നടത്തിയ വിപണനമേളകൾക്ക് പൊതുവിപണിയിൽ മെച്ചപ്പെട്ട ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഓണാഘോഷങ്ങളുടെ ഭാഗമായി എല്ലാ സിഡിഎസ്സുകളിലും കുടുംബശ്രീയുടെ നേതൃത്വത്തിൽ 2 മേളകൾ വീതം സംഘടിപ്പിച്ചിരുന്നു. കുടുംബശ്രീയുടെ മെച്ചപ്പെട്ട ഉല്പന്നങ്ങൾ ന്യായ വിലയ്ക്ക് വിപണിയിൽ എത്തിക്കുന്നതിന് വിപണന മേളകൾ സഹായകമായിരുന്നു. 43,359 സംരംഭ യൂണിറ്റുകളും, 26,815 കർഷക ജെഎൽജി ഗ്രൂപ്പുകളും ഓണ വിപണന മേളയുടെ ഭാഗമായിരുന്നു.<br><br>ഓണക്കനി പദ്ധതിയിലൂടെ 144.27 ടൺ പച്ചക്കറി കുടുംബശ്രീ ജെഎൽജി യൂണിറ്റുകളുടെ ശ്രമഫലമായി വിപണിയിൽ എത്തിച്ചിരുന്നു. |
| (ബി) | മുൻവർഷങ്ങളിൽ നിന്നും എന്തെല്ലാം പ്രത്യേകതകളാണ് ഇത്തവണത്തെ വിപണനമേളകളെ കൂടുതൽ ആകർഷകമാക്കിയതെന്ന് വിശദമാക്കുമോ; എത്രകോടിയുടെ വിറ്റുവരവാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | മുൻവർഷങ്ങളിൽ ഓരോ സിഡിഎസ്സിലും ഓരോ വിപണന മേളകൾ മാത്രമായിരുന്നു സംഘടിപ്പിച്ചിരുന്നത്. അതിൽ നിന്നും വ്യത്യസ്തമായി 2 മേളകൾ സിഡിഎസ് തലത്തിൽ സംഘടിപ്പിച്ചിരുന്നു. മികച്ച പ്രതികരണമായിരുന്നു രണ്ട് മേളകൾക്ക് ലഭിച്ചിരുന്നത്. ഇതിനു പുറമേ ഓരോ ജില്ലയിലും ജില്ലാതല വിപണന മേളയും സംസ്ഥാന തലത്തിൽ പത്തനംതിട്ട ജില്ലയിൽ വച്ച് സംസ്ഥാനതല വിപണനമേളയും സംഘടിപ്പിച്ചിരുന്നു. ഉല്പന്നങ്ങൾക്ക് പുറമേ, പച്ചക്കറി, പൂക്കൾ എന്നിവയുടെ വലിയ തോതിലുള്ള ശേഖരം ഈ ഓണക്കാലത്ത് കുടുംബശ്രീ മുഖേന വിപണിയിൽ എത്തിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീയുടെ ചിപ്സ്, ശർക്കരവരട്ടി എന്നിവ ഏകീകൃത ബ്രാൻഡിൽ ഫ്രഷ്ബൈറ്റ്സ് എന്ന പേരിൽ വിപണിയിൽ എത്തിക്കുന്നതിനും കഴിഞ്ഞിരുന്നു.<br><br>1999 വിപണന മേളകളിലായി (സിഡിഎസ്, ജില്ല, സംസ്ഥാന തലം ഉൾപ്പെടെ) 28.47 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | വിറ്റു വരവ് കുടുംബശ്രീക്ക് നേടാൻ സാധിച്ചു. |
| (സി) | ജില്ലാതലത്തിൽ നടത്തിയ വിപണന മേളകളുടെ എണ്ണത്തിലും, വിറ്റുവരവിലും മുൻപന്തിയിലെത്തിയത് ഏതെല്ലാം ജില്ലകളാണെന്ന് അറിയിക്കുമോ; | (സി) | ഓണം വിപണന മേളകളുടെ എണ്ണത്തിൽ മുൻപന്തിയിലെത്തിയത് എറണാകുളം (205 മേളകൾ), തൃശ്ശൂർ (186 മേളകൾ), കണ്ണൂർ (182 മേളകൾ) എന്നീ ജില്ലകളാണ്.<br><br>കൂടുതൽ വിറ്റുവരവ്നേടിയത് എറണാകുളം ജില്ലയിലാണ്. രണ്ടാമതായി ആലപ്പുഴ ജില്ലയിലും മൂന്നാമതായി തൃശ്ശൂർ ജില്ലയിലുമാണ് കൂടുതൽ വിറ്റുവരവ് നേടിയിട്ടുള്ളത്. |
| (ഡി) | ഉത്സവ സീസണുകളിൽ കുടുംബശ്രീയുടെ വിപണനമേളകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ? | (ഡി) | വിഷു, ഓണം, ക്രിസ്തുമസ്, ന്യൂ ഇയർ ഉത്സവ സീസണുകളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാവർഷവും വിപണന മേളകൾ സംഘടിപ്പിക്കുന്നുണ്ട്. ഉത്സവ മേളകൾ കുടുംബശ്രീയുടെ വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. മികച്ച വരുമാനം ഇത്തരം വിപണന മേളകളിലൂടെ സംരംഭകർക്ക് ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ